# കുന്ദംകുളത്തിന്റെ അച്ചുക്കൂടങ്ങൾ ഇനി പഴങ്കഥ

സുനിൽ പി. എൻ.

1938 തിരുവിതാംകൂർ ദിവാൻ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലം. അയ്യരുടെ കിരാതഭരണത്തിനെതിരെ ശക്തമായി നിലകൊണ്ട പത്രമായിരുന്ന മലയാള മനോരമ ചുരുങ്ങിയ നാളുകൾകൊണ്ട് ദിവാന്റെ കണ്ണിലെ കരടായി മനോരമ. പിന്നെ താമസമുണ്ടായില്ല, ദിവാൻ പത്രനിരോധന വിളംബരം പുറപ്പെടുവിച്ചു. എന്നാൽ അടുത്ത പ്രഭാതത്തിൽ ദിവാൻ കണ്ണുതുറന്നത് മലയാളമനോരമ കണ്ടു കൊണ്ടുതന്നെയായിരുന്നു. അച്ചടിച്ചത് കുന്ദംകുളം എ. ആർ. പി. പ്രസ്സിൽ നിന്നും. കൈക്കുളങ്ങര രാമവാര്യർ, കുട്ടികൃഷ്ണമാരാർ, വള്ളത്തോൾ, നാലപ്പാടൻ തുടങ്ങിയവരുടെ കളരിയായിരുന്ന അതേ എ. ആർ. പി. പ്രസ്സ്!

തിളങ്ങുന്ന ഓർമ്മയായി കുന്ദംകുളത്തുകാർ ഈ കഥ കൊണ്ടുനടക്കുന്നു. ഇന്ന് കച്ചവടകേന്ദ്രമെന്ന വിശേഷണം പലപ്പോഴും ഖ്യാതിയേക്കാളേറെ പരിഹാസ്യമായിത്തീരുമ്പോൾ ഇവിടത്തുകാർ എ. ആർ. പി. പ്രസ്സിനെ ചൂണ്ടിക്കാണിക്കുന്നു. എന്നിട്ട് അഭിമാനത്തോടെ പറയുന്നു - അറിയാതെ കിടന്നിരുന്ന അറിവിന്റെ അക്ഷയഖനികൾ മലയാളിക്കു മുന്നിൽ തുറന്നു കൊടുത്തത് ഞങ്ങളുടെ ഈ കച്ചവടസ്ഥാപനമാണ്.

പക്ഷേ, എല്ലാം ഓർമ്മകളിലേക്ക് ചുരുങ്ങുന്നു. ഇന്ന് കുന്ദംകുളത്തെ പഴയ അച്ചുകൂടങ്ങൾ മരണവേദനയിലാണ്. കാലത്തിനൊത്ത സഞ്ചാരം നിർബന്ധമാകുമ്പോൾ ഇന്നത്തെ കുന്ദംകുളത്തിന് ഇവ ബാധ്യതയാകുന്നു.

ഇന്നും കേരളത്തിൽ ഏറ്റവും കൂടുതൽ അച്ചുകൂടങ്ങളുള്ളത് കുന്ദംകുളത്തു തന്നെ. പക്ഷേ ഇത് ഓഫ് സെറ്റ് പ്രസ്സുകളുടെ കാലമാണ്. പഴയ ലെറ്റർ പ്രസ്സുകളിൽ നല്ലൊരുപങ്കും ഓഫ് സെറ്റ് പ്രസുകൾക്ക് വഴിമാറിക്കഴിഞ്ഞു. കാലഹരണപ്പെട്ടു എന്ന തിരിച്ചറിവുമായി രംഗമൊഴിയുകയായിരുന്നു അവയിൽ പലതും. വൻ മുതൽമുടക്ക് നടത്തി ശേഖരിച്ച യന്ത്രങ്ങൾ നിസ്സാരവിലക്ക് വിറ്റൊഴിച്ചു. പതിനായിരത്തിനുമേൽ വിലകൊടുത്തു വാങ്ങിയ പ്രിന്റിംഗ് മെഷീൻ അയ്യായിരം രൂപക്കും, കിലോവിന് 100-120 രൂപക്ക് വാങ്ങിയ ടൈപ്പ് മാറ്റർ 20 രൂപക്കും വിറ്റൊഴിയേണ്ടി വരുന്ന ദുരവസ്ഥയാണ് അവ നേരിട്ടത്.

അപ്പോഴും ചില ലെറ്റർ പ്രസ്സുകൾ പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നുണ്ട്. നിലനിൽപ്പിനായി പൊരുതാൻ പോലുമാകാതെ പകച്ചുനിൽക്കുന്ന ഇവ വെളിപ്പെടുത്തുന്ന ചിത്രം ഏറെ ദയനീയമാണ്. അപൂർവ്വമായി മാത്രം പ്രവർത്തിക്കുന്ന ഇവിടങ്ങളിൽ തൊഴിലാളികളും ഉടമസ്ഥരും ഒരുപോലെ പ്രസിസന്ധിയിലാണ്. പലയിടത്തും തൊഴിലാളികളും ഉടമയും ഒരാൾ തന്നെയായിക്കഴിഞ്ഞു. എന്നാൽ ആരേയും തങ്ങൾ പിരിച്ചുവിട്ടതല്ല എന്നു മാത്രം ഉടമസ്ഥർ ആശ്വാസം കൊള്ളുന്നു. എല്ലാവരും ഗതികെട്ട് സ്വയം പിരിഞ്ഞുപോകുകയാണ്. ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ആവശ്യപ്പെടാൻ തൊഴിലാളിയുടെ മനസ്സ് അനുവദിക്കുന്നില്ല എന്നതാണ് വാസ്തവം. എന്നാൽ പഠിച്ച തൊഴിൽ ഇതു മാത്രം എന്ന് പരിതപിക്കുന്നവർ അവിടെ തുടരുന്നു. 10 മുതൽ 40 പേർ വരെ ജോലിക്കാരായി ഉണ്ടായിരുന്നവെന്ന് അഭിമാനപൂർവ്വം അവകാശപ്പെടുന്ന പ്രസുകളിൽ ഇപ്പോൾ അവശേഷിക്കുന്നത് രണ്ടോ മൂന്നോ പേർ മാത്രം.

കുന്ദംകുളത്തെ അച്ചുകൂട്ടങ്ങളുടെ ചരിത്രത്തിന് രണ്ട് നൂറ്റാണ്ട് പഴക്കമുണ്ട്. ഏതാണ്ട് 200 വർഷങ്ങൾക്കുമുമ്പാണ് ഈ രംഗത്ത് കുന്ദംകുളം സാന്നിദ്ധ്യമറിയിച്ചത്. പാറമേൽ ഇട്ടൂപ്പ് 1860 ൽ സ്ഥാപിച്ച 'വിദ്യാരത്നപ്രഭ'യാണ് കുന്ദംകുളത്തിന്റെ ആദ്യ അച്ചടിശാലയെന്ന് കരുതുന്നു. തുടർന്ന് പാറമേൽ ജോസഫ് രണ്ടാമൻ തിരുമേനിയുടെ 'ജ്ഞാനോദയം' അച്ചുകൂടം ആരംഭിച്ചു. പിന്നീട് എ. ആർ. പി. എന്ന ചുരുക്കപ്പേരിൽ കേരളത്തിന്റെ അഭിമാനമായ 'അക്ഷര രത്നപ്രകാശിനി' പ്രസ്സായി അത് വളർന്നു. പിന്നീടാണ് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ പഞ്ചാംഗം പ്രസ്സിന്റെ ജനനം. ഉടമക്കും തൊഴിലാളിക്കും ഒരുപോലെ സമൂഹത്തിൽ മാന്യസ്ഥാനം ലഭ്യമാക്കുന്നതായിരുന്നു അച്ചുകൂടങ്ങൾ. അച്ച് നിരത്തൽ, പ്രൂഫ് വായന തുടങ്ങിയവക്കെല്ലാം അക്ഷരജ്ഞാനം അനിവാര്യമായതിനാൽ ഉന്നതനിലവാരമുള്ള തൊഴിലായി ഇത് അംഗീകരിക്കപ്പെട്ടു. പ്രസ്സുകളുടെ എണ്ണം ഇവിടെ നാൾക്കുനാൾ വർദ്ധിച്ചു.

അച്ചുകൂടങ്ങൾ തങ്ങളുടെ സംസ്കാരത്തിന്റെ ഭാഗമായപ്പോൾ കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊള്ളേണ്ടത് കുന്ദംകുളത്തിന്റെ അനിവാര്യതയായി. ഒട്ടേറെ വ്യത്യസ്തതകളുമായി ആധുനിക സങ്കേതങ്ങൾ കടന്നുവന്നു. ഓഫ് സെറ്റ് പ്രിന്റിംഗിനെ ഇരുകയ്യും നീട്ടിയാണ് ഇവിടത്തുകാർ സ്വീകരിച്ചത്. ഇന്ന് രണ്ടായിരത്തിലേറെ തൊഴിലാളികൾ അച്ചടിമേഖലയിൽ നേരിട്ട് പ്രവർത്തിക്കുന്നു എന്നാണ് കണക്ക്. എത്രയോ ഇരട്ടിപേർ നേരിട്ടല്ലാതെയും. വ്യാവസായിക അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കടലാസ് ചെലവാകുന്നതും കുന്ദംകുളത്താണ്. ഏകദേശം 300 ടൺ കടലാസ് ഒരു കൊല്ലം ക്രിസ്തുമസ് ഡിസംബറിൽ മാത്രം ചെലവഴിക്കപ്പെടുന്നുണ്ട്.

പ്രസ്സുകൾക്കൊപ്പം അനുബന്ധ സ്ഥാപനങ്ങളും കുന്ദംകുളത്ത് പെരുകി. ഇന്ന് കേരളത്തിൽ ഡി. ടി. പി. സ്ഥാപനങ്ങൾ ഏറെയുള്ളതും ഇവിടെയാണ്.

എന്നും പ്രായോഗികതയിൽ മാത്രം വിശ്വസിക്കുന്ന കുന്ദംകുളത്തുകാർക്ക് ഈ മാറ്റങ്ങളെ തള്ളിപ്പറയാനാവില്ല. ലെറ്റർപ്രസ്സ് ഉടമകൾ പോലും ഇതിനെ സ്വാഗതം ചെയ്യുന്നു എന്നതാണ് രസകരം. തങ്ങളുടെ ഗതിമുട്ടുമ്പോഴും, ഓഫ് സെറ്റ് പ്രസ്സുകൾ അംഗീകരിക്കപ്പെടണമെന്നു തന്നെ അവർ പറയുന്നു.

അതിനിടയിലും ലെറ്റർപ്രസ്സുകൾക്ക് ഇപ്പോഴും ചില സാധ്യതകൾ നിലനിൽക്കുന്നു എന്ന് വിശ്വസിക്കുന്നവരുമുണ്ട്. അല്പം മുതൽമുടക്കിന് തയ്യാറാവുകയാണെങ്കിൽ പല പുത്തൻ വിപണികളും ഇവ ഉപയോഗിച്ച് പിടിച്ചടക്കാമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. എംബോസിങ്ങ് പ്രക്രിയ ഓഫ് സെറ്റ് പ്രിന്റിംഗിൽ അസാധ്യമായതിനാൽ ക്ഷണക്കത്തുകളുടേയും ആശംസാകാർഡുകളുടേയും നിർമ്മാണത്തിന് കുന്ദംകുളത്തെ ലെറ്റർപ്രസ്സുകൾ മാറ്റിയെടുക്കാമെന്ന് അവർ കരുതുന്നു. കവർ നിർമ്മാണത്തിനും ഇൻവേഴ്സ് പ്രിന്റിംഗും കൂടിയ ന്യൂസ് പേപ്പർ കാരിബാഗ് നിർമ്മാണത്തിന്റെ കേന്ദ്രമായും ലെറ്റർപ്രസ്സുകളുടെ സഹായത്തോടെ കുന്ദംകുളത്തെ വളർത്തിയെടുക്കാമെന്നാണ് നിർദ്ദേശിക്കുന്നത്. ഗോൾഡ് ഫോയിൽ പ്രിന്റർ ആയി ഈ പ്രസ്സുകളെ മാറ്റിയെടുക്കാനും സാധിക്കും.

എന്നാൽ നിലവിലുള്ള ലെറ്റർ പ്രസ്സ് ഉടമകൾ ഈ സാധ്യതകൾക്ക് നേരെ മുഖം തിരിക്കുന്നു. ഈ മേഖലയിൽ ഇനിയൊരു മുതൽ മുടക്കിന് തങ്ങളില്ല എന്ന് അവർ ആണയിടുന്നു. ലെറ്റർപ്രസ്സുകളുടെ കാലം അസ്തമിച്ചു എന്നു തന്നെ ഉറച്ചുവിശ്വസിക്കുകയാണ് അവർ. "ഇവക്ക് ഇനിയൊരു സാധ്യതയും കാണുന്നില്ല - ഇരുമ്പ് വിലക്ക് തൂക്കി വിൽക്കാം എന്നല്ലാതെ" നിരാശപൂണ്ട ലെറ്റർ പ്രസ്സ് ഉടമകൾ നെടുവീർപ്പിടുന്നു.